"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - വയനാട് ജില്ല - സുൽത്താൻബത്തേരി നിയോജക മണ്ഡലം - റോഡുകളുടെ പുനരുദ്ധാരണം ഭരണാനുമതി ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.44/2026/DMD തീയതി,തിരുവനന്തപുരം, 19-01-2026

---

പരാമർശം:-
1. സ. ഉ. (കൈ) നം. 3/2018/ഡി.എം.ഡി. തീയതി, 27.03.2018
2. സ. ഉ. (സാധാ) നം. 634/2025/ഡി.എം.ഡി. തീയതി, 15.10.2025
3. 19.12.2025 തീയതിയിൽ ബഹു. സുൽത്താൻ ബത്തേരി എം.എൽ.എ. ശ്രീ. ഐ. സി. ബാലകൃഷ്ണൻ സമർപ്പിച്ച അപേക്ഷ

**<u>ഉത്തരവ്</u>**

എസ്.ഡി.ആർ.എഫ്. മാനദണ്ഡപ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി നിയോജക മണ്ഡലത്തിലെ പൂതാടി ഗ്രാമപഞ്ചായത്തിലുൾപ്പെട്ട മരിയ സദൻ റോഡ് പ്രവൃത്തിക്ക് പരാമർശം (2) ഉത്തരവ് പ്രകാരം 10 ലക്ഷം രൂപയുടെ (പത്ത് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ടി പ്രവൃത്തി പഞ്ചായത്തിന്റെ പ്രവൃത്തിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കിയിട്ടുള്ളതിനാൽ ടി പ്രവൃത്തിയ്ക്ക് പകരം മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിലെ വാഴക്കവല - തറപ്പത്ത് കവല റോഡ് പ്രവൃത്തിയ്ക്ക് മാറ്റി അനുവദിച്ച് കൊണ്ട് ഭരണാനുമതി ഭേദഗതി ചെയ്ത് ഉത്തരവാകുന്നു. പരാമർശം (2) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

2) പുതുതായി അനുവദിച്ച പ്രവൃത്തി സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമാണോ എന്ന് ജില്ലാകളക്ടർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും നിർവ്വഹണ പ്രവൃത്തിയുടെ അനുവദനീയമായ പുനരുദ്ധാരണം മാത്രമാണ് നടപ്പാക്കുന്നതെന്ന് ഉറപ്പാക്കേണ്ടതുമാണ്. പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകളും കർശനമായും പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

ജില്ലാകളക്ടർ, വയനാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB1/2/2026-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
Date: 19-01-2026 16:04:45
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയുടെ പി. എ. യ്ക്ക്